"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - : കേരള നദീ-തീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം, 2001 - റിവർ മാനേജ്മെന്റ് ഫണ്ട് - പാലക്കാട്, തൃശ്ശൂർ, കൊല്ലം, കോഴിക്കോട് എന്നീ ജില്ലകൾക്ക് വാഹനങ്ങൾ വാങ്ങുന്നതിനായി റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും അധിക തുക ചെലവഴിച്ചതിനു മുൻകാല പ്രാബല്യത്തോടെ അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.2776/2024/RD തീയതി,തിരുവനന്തപുരം, 23-11-2024

പരാമർശം:-

1. 27.07.2023-ലെ സ.ഉ(സാധാ) നം. 2785/2023/RD നമ്പർ സർക്കാർ ഉത്തരവ്.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 27.01.2024-ലെ LR/13301/2023-LR(K1) നമ്പർ കത്ത്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 20.03.2024-ലെ LR/3009/2024-LR(K1) നമ്പർ കത്ത്.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 22.03.2024-ലെ LR/204/2024-LR(K1) നമ്പർ കത്ത്.
5. കോഴിക്കോട് ജില്ലാ കളക്ടറുടെ 14.05.2024-ലെ DCKKD/11798/2022-F7 നമ്പർ കത്ത്.
6. ലാൻഡ് റവന്യൂ കമ്മീഷണറുടെ 29.07.2024 -ലെ LR/6406/2024-LR(K1) നമ്പർ കത്ത്.
7. 22.10.2024-ലെ സംസ്ഥാന ഉന്നതതല സമിതി യോഗത്തിലെ 6-ാം നമ്പർ തീരുമാനം.

**ഉത്തരവ്**

അനധികൃത മണൽ കടത്തിനെതിരെയുള്ള സ്ക്വാഡ് പ്രവർത്തനങ്ങൾക്കും അംഗീകൃത കടവുകളിൽ നിന്നുമുള്ള മണൽ വാരൽ പരിശോധിക്കുന്നതിനും, വിലയിരുത്തുന്നതിനുമായി, റവന്യൂ വകുപ്പിനും ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലേയ്ക്കും വിവിധ ജില്ലകളിലേയ്ക്കും റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച്, GEM പോർട്ടൽ മുഖേന വാഹനങ്ങൾ വാങ്ങുന്നതിനു ഭരണാനുമതി നൽകി പരാമർശം (1) ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നതാണ്. വാഹനങ്ങളുടെ വില സാമ്പത്തിക വർഷത്തിലെ ഓരോ പാദത്തിലും

മാറുന്നതിനാൽ GEM Portal മുഖേന മേൽ ഖണ്ഡികയിൽ പരാമർശിച്ച പ്രകാരമുള്ള വാഹനങ്ങൾ വാങ്ങുന്നതിനു അധിക തുക ആവശ്യമായി വരുകയാണെങ്കിൽ, അപ്രകാരമുള്ള അധിക തുക ബന്ധപ്പെട്ട ജില്ലകളുടെ ആർ.എം.എഫ്-ൽ നിന്നും ചെലവഴിക്കാവുന്നതും, ഇപ്രകാരം ചെലവഴിക്കുന്ന അധിക തുകയുടെ വിശദാംശങ്ങൾ സഹിതം അധിക തുകയ്ക്കുള്ള ഭരണാനുമതിയ്ക്കായി, വാഹനം വാങ്ങി 30 ദിവസത്തിനുള്ളിൽ ഐ. എൽ. ഡി. എം ഡയറക്ടർ, ലാൻഡ് റവന്യൂ കമ്മീഷണർ എന്നിവർ മുഖേന സംസ്ഥാന ഉന്നത തല സമിതിയുടെ സാധൂകരണത്തിനായി സർക്കാരിൽ സമർപ്പിക്കേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിരുന്നതാണ്.

വാഹനങ്ങൾ വാങ്ങിയതിൽ പാലക്കാട് ജില്ലയ്ക്കായി 98,897/- രൂപ (തൊണ്ണൂറ്റി എട്ടായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി ഏഴ് രൂപ മാത്രം) അധികമായി ചെലവായതായി പരാമർശം (3) പ്രകാരവും തൃശ്ശൂർ ജില്ലയ്ക്കായി 4,19,225/- രൂപ (നാല് ലക്ഷത്തി പത്തൊൻപതിനായിരത്തി ഇരുന്നൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) അധികമായി ചെലവായതായി പരാമർശം (4) പ്രകാരവും കൊല്ലം ജില്ലയ്ക്കായി 2,98,631/- രൂപ (രണ്ട് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി അറുന്നൂറ്റി മുപ്പത്തിയൊന്നു രൂപ മാത്രം) അധികമായി ചെലവായതായി പരാമർശം (2) പ്രകാരവും കോഴിക്കോട് ജില്ലയ്ക്കായി 4,33,649/- രൂപ (നാല് ലക്ഷത്തി മുപ്പത്തി മൂന്നായിരത്തി അറുന്നൂറ്റി നാല്പത്തിയൊൻപതു രൂപ മാത്രം) അധികമായി ചെലവായതായി പരാമർശം (5) ഉം പരാമർശം (6) ഉം പ്രകാരവും സർക്കാരിൽ റിപ്പോർട്ട് ചെയ്തിരുന്നു. വാഹനങ്ങൾ വാങ്ങുന്നതിന് അധിക തുക ചെലവഴിച്ച നടപടി, 22/10/2024-ലെ സംസ്ഥാന ഉന്നതതല സമിതി യോഗം സാധൂകരിച്ചതാണ്.

ടി സാഹചര്യത്തിൽ പാലക്കാട്, തൃശ്ശൂർ, കൊല്ലം, കോഴിക്കോട് എന്നീ ജില്ലകൾക്കായി വാഹനങ്ങൾ വാങ്ങിയതിൽ യഥാക്രമം 98,897/-, 4,19,225/-, 2,98,631/-, 4,33,649/- എന്നിങ്ങനെ റിവർ മാനേജ് മെന്റ് ഫണ്ടിൽ നിന്നും അധിക തുക ചെലവഴിച്ചത് സാധൂകരിച്ച് സർക്കാർ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHAHANSHA A
അണ്ടർ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ILDM, തിരുവനന്തപുരം.
ജില്ലാ കളക്ടർ, പാലക്കാട്.
ജില്ലാ കളക്ടർ, തൃശ്ശൂർ.
ജില്ലാ കളക്ടർ, കൊല്ലം.
ജില്ലാ കളക്ടർ, കോഴിക്കോട്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Pradeesh Kumar M K**
**Date: 23-11-2024 12:47:40**

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. റവന്യൂവും ഭവന നിർമാണവും വകുപ്പ് മന്ത്രിയുടെ പി.എസിനു.

ബഹു. പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ബഹു. അഡിഷണൽ സെക്രട്ടറിയുടെ പി.എയ്ക്ക്.